(സി)&(ഡി) തുണി സംഭരണത്തിൽ ഹാന്റ്ക്സ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. ഗുണമേന്മയുള്ള തുണി സംഭരിക്കുകയെന്നതാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നയം. ആവശ്യാധിഷ്ഠിത ഉല്പാദനത്തിന്റെ ഭാഗമായി പ്രാഥമിക സംഘങ്ങൾക്ക് ഇൻഡന്റു നൽകിയാണ് ഉല്പാദന സംഭരണം നടത്തുന്നത്.

(ഇ) പ്രോജക്ട് പാക്കേജ് പദ്ധതി പ്രകാരം പ്രാഥമിക സംഘങ്ങൾക്ക് അനുവദിച്ച തുക വക മാറ്റി ചെലവഴിച്ചിട്ടില്ല.

## വ്യവസായ വികസനത്തിനുള്ള കേന്ദ്ര വിഹിതം

16(2813) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിന്റെ വ്യവസായ വികസനത്തിനുവേണ്ടി ഓരോ വർഷവും കേന്ദ്രവിഹിതമായി എന്തു തുക ലഭിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) ഈ തുക ഏതൊക്കെ മേഖലകൾക്കുവേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചു വരുന്നു.

## ഏലൂരിലെ ടി.സി.സി.

17 (2814)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ഏലൂരിലെ ടി. ബി.സി. യുടെ 1996-97, 1997-98, 1998-99 വർഷത്തെ ലാഭനഷ്ട കണക്ക് വ്യക്തമാക്കുമോ;

(ബി) ടി.സി.സി. ഇന്നു നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൈദ്യുതി ചാർജ് വർദ്ധനവ് പ്രതികൂലമായി ബാധിക്കുന്നതു കൊണ്ട് ടി.സി.സി.യെ രക്ഷിക്കുവാൻ എന്തു നടപടിയാണ്. സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ സ്ഥാപനത്തിന്റെ ഇന്നത്തെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ കോർപ്പസ് ഫണ്ടിൽനിന്നും സാമ്പത്തികസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എത്ര കോടി രൂപയാണ് നൽകാനുദ്ദേശിക്കുന്നത്.

(എഫ്) ടി.സി.സി.യുടെ ഉൽപ്പാദനരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-97 - ലാഭം 81 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

1997-98 - നഷ്ടം 1275 ലക്ഷം രൂപ

1998-99 - നഷ്ടം 816 ലക്ഷം രൂപ (ആഡിറ്റിനു വിധേയം)

(ബി) ഉണ്ട്.

(സി)-(എഫ്) ടി.സിസി.യിൽ വൈദ്യുതിയുടെ ഉപയോഗം കൂടുതലു ള്ളതുകൊണ്ട് വൈദ്യുതിയുടെ നിരക്കിലുണ്ടായ വർദ്ധന കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രധാന ഉൽപ്പന്നമായ കാസ്റ്റിക്സോഡായുടെ വിലയിടിവാണ് പ്രതിസന്ധിക്കുള്ള മറ്റൊരു കാരണം.

കേരളാ വ്യവസായ പുനരുദ്ധാരണഫണ്ടിൽനിന്നും ധനസഹായം നൽകുന്നതു സംബന്ധിച്ച് വിവിധ മേഖലയിലുള്ള പൊതുമേഖലാ വ്യവ സായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചുകഴിഞ്ഞു. രാസവ്യവസായ സെക്ടറിനുവേണ്ടിയുള്ള കമ്മിറ്റിയിൽ ടി.സി.സി യുടെ പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. കമ്പനികളിൽ നിന്നുള്ള ധനസഹായത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളിൽ മേൽ ടി കമ്മിറ്റി വിശദമായ പഠനം നടത്തി മാർഗ്ഗരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ ഓരോ കമ്പനിക്ക് എത്ര രൂപ വീതം നൽകാൻ കഴിയുമെന്ന് പറയാൻ സാധി ക്കുകയുള്ളു. താഴെ പറയുന്ന കാര്യങ്ങളാണ് ഉല്പാദന രംഗത്ത് കമ്പനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്:

(i) കമ്പനിയിലെ 100 ടൺ മെബ്രെയിൽ സെൽ പ്ളാന്റിൽ സെല്ലു കളുടെ എണ്ണം കൂട്ടി ഉല്പാദനശേഷി 125 ടൺ ആക്കി വർദ്ധിപ്പിക്കുക.

(ii) കമ്പനിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഹൈഡ്രജൻ ഗ്യാസ് വിൽപ്പനയ്ക്ക് സജ്ജമാക്കുക.

(iii) കമ്പനിയിലെ വേസ്റ്റ് ക്ളോറിൻ കോസ്റ്റിക് സോഡ ഉ്പ യോഗിച്ച് സോഡിയം ഹൈപ്പോക്ളോറൈറ്റ് ഉല്പാദിപ്പിക്കുക.

(iv) വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്ന 100 ടൺ മെർക്കുറി സെൽ പ്ളാന്റ് മെബ്രെയിൽ സെൽ പ്ളാന്റ് ആക്കി മാറ്റുക.

(v) 15 മെഗാവാട്ട് ചെറുകിട ഹൈഡൽ പവർ പ്രോജക്ട് സ്ഥാപി ക്കുക.

## കാർഷികവിളാധിഷ്ഠിത വ്യവസായങ്ങൾ

18 (2815)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികവിളകളെ അസംസ്കൃത വസ്തു വാക്കി നടത്താവുന്ന വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി ഒരു കാർഷികവിളാധിഷ്ഠിത വ്യവസായത്തിനുള്ള പദ്ധതി ആവിഷ്കരിക്കുമോ;

(ബി) ഗ്ലൂക്കോസ് ഉല്പാദിപ്പിക്കുന്നതിനുള്ള വ്യവസായം സംസ്ഥാ നത്തു പൊതുമേഖലയിലാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ രംഗത്ത് സ്വീകാര്യ സംരംഭകർക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly